ഇ.എം.(1) 117779/2019 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 24.01.2020

**സർക്കുലർ നം. 8/2020**

വിഷയം – സഹകരണ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ അംഗ പരിമിതരായ വ്യക്തികൾക്ക് പ്രാതിനിധ്യം ഉറപ്പ് വരുത്തി കൊണ്ടുള്ള 54/2011-ാം നം. സർക്കുലറിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച്.

സൂചന – 1. 10.2.2009 ലെ ജി.ഒ(പി)11/2009/എസ്.ഡബ്ലിയു.ഡി നം. സർക്കാർ ഉത്തരവ്
2. 14.7.2011 ലെ 54/2011-ാം നം.സർക്കുലർ

സഹകരണ സ്ഥാപനങ്ങളിലെ ഏതെല്ലാം തസ്തികകളിൽ കാഴ്ച വൈകല്യമുള്ളവർ, ശ്രവണ വൈകല്യമുള്ളവർ , ചലന വൈകല്യമുള്ളവർ എന്ന മുൻഗണനാ ക്രമത്തിൽ 1 : 1 : 1 എന്ന അനുപാതത്തിൽ മൂന്ന് ശതമാനം സംവരണം പാലിച്ച് നിയമനം നൽകാവുന്നതാണെന്ന് സൂചന (2) സർക്കുലറിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ടി സർക്കുലറിന്റെ അനുബന്ധത്തിൽ ഭാഗികമായി കാഴ്ച വൈകല്യമുള്ള വ്യക്തികൾക്ക് നിയമനം നൽകാവുന്ന അനുയോജ്യ തസ്തികകളിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ ഉൾപ്പെടുത്തിയിരുന്നില്ല. ടി സാഹചര്യത്തിൽ ഭാഗികമായ കാഴ്ച വൈകല്യമുള്ള വ്യക്തികൾക്ക് നിയമനം നൽകാവുന്ന അനുയോജ്യ തസ്തികകളിൽ ക്ലാർക്ക്, ടൈപ്പിസ്റ്റ് തസ്തികകൾ കൂടി ഉൾപ്പെടുത്തി 54/11-ാം നം. സർക്കുലറിന്റെ അനുബന്ധം ചുവടെ പറയും പ്രകാരം മാറ്റം വരുത്തുന്നു. സൂചന (2) സർക്കുലറിലെ മറ്റ് വ്യവസ്ഥകൾ നിലനിൽക്കുന്നതാണ്.

## അനുബന്ധം

സഹകരണ സംഘങ്ങളിലെ നിയമനത്തിൽ വ്യത്യസ്ത വിഭാഗം വൈകല്യമുള്ള വ്യക്തികൾക്ക് അനുയോജ്യമായതെന്ന് നിർണ്ണയിച്ചിട്ടുള്ള തസ്തികകൾ.

| ക്രമ നം | വിവിധതരം വൈകല്യമുള്ള വ്യക്തികൾ | അനുയോജ്യമായ തസ്തികകൾ |
|---|---|---|
| 1 | എ. ഭാഗിക കാഴ്ച വൈകല്യമുള്ള വ്യക്തികൾ | ക്ലാർക്ക് |
| | ബി. ബധിരർ, ബധിര- മൂകർ, ഭാഗിക ശ്രവണ വൈകല്യമുള്ള വ്യക്തികൾ | ക്ലാർക്ക് |
| | സി. ചലന വൈകല്യമുള്ള വ്യക്തികൾ | ക്ലാർക്ക് |
| 2 | എ. ഭാഗിക കാഴ്ചവൈകല്യമുള്ള വ്യക്തികൾ | ടൈപ്പിസ്റ്റ് |
| | ബി. ബധിരർ, ബധിര- മൂകർ, ഭാഗിക ശ്രവണ വൈകല്യമുള്ള വ്യക്തികൾ | ടൈപ്പിസ്റ്റ് |
| | സി. ചലന വൈകല്യമുള്ള വ്യക്തികൾ | ടൈപ്പിസ്റ്റ് |
| 3 | എ. ഭാഗിക കാഴ്ചവൈകല്യമുള്ള വ്യക്തികൾ | പ്യൂൺ/അറ്റൻഡർ |
| | ബി. ബധിരർ, ബധിര- മൂകർ, ഭാഗിക ശ്രവണ വൈകല്യമുള്ള വ്യക്തികൾ | പ്യൂൺ/അറ്റൻഡർ |
| | സി. ചലനവൈകല്യമുള്ള വ്യക്തികൾ | പ്യൂൺ /അറ്റൻഡർ |

ഒപ്പ്,
ഡോ..പി.കെ.ജയശ്രീ, ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

**പകർപ്പ്**

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും
4. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന)
5. എല്ലാ സഹകരണ സംഘം അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്)മാർക്കും (ജോയിന്റ് ഡയറക്ടർ(ആഡിറ്റ്)മുഖേന)
6. എല്ലാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും/സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)
7. എഡിറ്റർ, സഹകരണ വീഥി
8. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി
9. സ്റ്റോക്ക് ഫയൽ /സ്പെയർ